**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1058.** **30.01.2019 ൽ മറുപടിയ്ക്ക്**

## ലഹരിമരുന്ന് കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ വർഷം എത്ര ലഹരിമരുന്ന് കേസ് രജിസ്റ്റർ ചെയ്തെന്നും എത്ര പേർ അറസ്റ്റിലായെന്നും ഏറ്റവും കൂടുതൽ അറസ്റ്റുണ്ടായത് ഏത് ജില്ലയിൽ/സ്ഥലത്ത് ആണെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് 2018 വർഷത്തിൽ എക്സൈസ് എൻ.ഡി.പി.എസ് നിയമപ്രകാരം 7573 കേസുകൾ രജിസ്റ്റർ ചെയ്ത് 7802 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ അറസ്റ്റ് ഉണ്ടായിട്ടുള്ളത്. എറണാകുളം ജില്ലയിൽ 922 കേസുകളിലായി 948 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) | കുറിപ്പില്ലാതെ നല്കരുതെന്ന് നിർദ്ദേശമുള്ള മരുന്നുകൾ കുട്ടികൾക്ക് വിറ്റ എത്ര കേസ് കഴിഞ്ഞ വർഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തെന്നും എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും വ്യക്തമാക്കാമോ; ഇപ്രകാരമുള്ള കേസ് ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ല/പ്രദേശം ഏതാണെന്ന് അറിയിക്കാമോ? | (ബി) | ഇത്തരത്തിലുള്ള കേസുകൾ കഴിഞ്ഞ വർഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ